**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3406** **26-06-2024 - ൽ മറുപടിയ്ക്ക്**

**സി.എം.ഡി. മുഖേന നടത്തിയ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സി.എം.ഡി. മുഖേന നടത്തിയ എത്ര നിയമനങ്ങൾക്ക് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും യോഗ്യരായ വിദ്യാർത്ഥികളുടെ റിസർവേഷൻ ക്രമത്തിന് അനുസൃതമായ സീനിയോരിറ്റി ലിസ്റ്റ് നൽകിയിട്ടുണ്ട്; ഏതൊക്കെ തസ്തികകളിലെ നിയമനത്തിനാണ് ലിസ്റ്റ് നൽകിയിട്ടുള്ളതെന്ന് വിശദാംശം ലഭ്യമാക്കുമോ; | (എ) | സി.എം.ഡി-ക്ക് നിയമനങ്ങൾക്കായി നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം) വകുപ്പിൽ നിന്നും ലിസ്റ്റുകൾ ലഭ്യമാക്കിയിട്ടില്ല. |
| (ബി) | യോഗ്യരായ ഉദ്യോഗാർത്ഥികളുടെ സീനിയോരിറ്റിയും റിസർവേഷൻ ക്രമവും മറികടന്ന് സി.എം.ഡി. മുഖേന കരാർ നിയമനം നടത്തുന്നത് തടയാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ ബോർഡുകൾ/ കമ്പനികൾ/കോർപ്പറേഷനുകൾ/സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള PSC-യുടെ പരിധിക്ക് പുറത്ത് വരുന്ന സ്ഥിര/താല്ക്കാലിക/കരാർ നിയമനങ്ങൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 1959-ലെ CNV ആക്റ്റിന് വിധേയമായിട്ടായിരിക്കണമെന്നുള്ള സർക്കാർ നിർദ്ദേശങ്ങൾ മറ്റ് വകുപ്പുകൾ പാലിക്കുന്നുണ്ടെന്ന് ജില്ല/താലൂക്ക് അടിസ്ഥാനത്തിൽ നടത്തുന്ന സ്ഥാപന പരിശോധനയിലൂടെ ഉറപ്പ് വരുത്താറുണ്ട്. എന്നാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനങ്ങൾ ഒഴികെ മറ്റ് സ്ഥാപനങ്ങൾ/ ഏജൻസികൾ മുഖേനയുള്ള നിയമനങ്ങളിൽ സംവരണക്രമം പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ വകുപ്പിന് അധികാരമില്ല. |
| (സി) | മേൽപ്പറഞ്ഞ രീതിയിലുള്ള ഏതെങ്കിലും നിയമനം റദ്ദാക്കുന്നതിന് വകുപ്പ് നാളിതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ഇത്തരത്തിലുള്ള ഏതെങ്കിലും പരാതി ലഭ്യമായാൽ പ്രസ്തുത പരാതി പരിശോധിച്ച് അടിയന്തിര നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ